പതിമൂന്നാം കേരള നിയമസഭ
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത 548 -ാം നമ്പർ ചോദ്യം
11.06.2013-ലെ മറുപടിക്ക്

വിഷയം: ധനകാര്യ ഇൻസ്പെക്ഷൻ ടീം നടത്തിയ അന്വേഷണങ്ങൾ

ചോദ്യം | ഉത്തരം

**ശ്രീ.ജെയിംസ് മാത്യു** | **ശ്രീ. കെ.എം. മാണി**

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ധനകാര്യ ഇൻസ്പെക്ഷൻ ടീം എത്ര അന്വേഷണങ്ങൾ നടത്തുകയുണ്ടായി. | ഈ സർക്കാർ അധികാരമേറ്റ ശേഷം ധനകാര്യ ഇൻസ്പെക്ഷൻ ടീം 2155 പരിശോധനകൾ നടത്തിയിട്ടുണ്ട് |
| (ബി)ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ ഏതെല്ലാം ഉദ്യോഗ സ്ഥന്മാർ ഉൾപ്പെട്ടതായിരുന്നു അന്വേഷണ സംഘങ്ങൾ; ഓരോ സംഘവും എത്ര സ്ഥാപനങ്ങളിൽ വീതം ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി; | അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ അസിസ്റ്റന്റുമാർ അടങ്ങുന്ന 9 ഇൻസ്പെക്ഷൻ വിംഗും ഓരോ ജില്ലയിലും സെക്ഷൻ ഓഫീസർ പദവിയിലുള്ള ജില്ലാ പരിശോധനാ വിഭാഗം ഓഫീസർ നേതൃത്വം നൽകുന്ന അസിസ്റ്റന്റുമാർ ഉൾപ്പെട്ട സംഘവുമാണ് ഇൻസ്പെക്ഷൻ നടത്തുന്നത്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ സംഘവും 250-ൽ പരം അന്വേഷണങ്ങൾ നടത്തുകയുണ്ടായി. |
| (സി) ധനകാര്യ ഇൻസ്പെക്ഷൻ ടീമിന്റെ അന്വേഷണം സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ; അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണ ഘട്ടത്തിൽ പാലിക്കേണ്ടതും ഉറപ്പു വരുത്തേണ്ടതുമായ കാര്യങ്ങൾ എന്തെല്ലാം; അന്വേഷണത്തിലേർപ്പെടുന്നതിന്റെ നിയമ വ്യവസ്ഥകൾ വിശദമാക്കാമോ; | കേരള ട്രഷറി കോഡ് റൂൾ 132 വാല്യം I ഭാഗം IV പ്രകാരവും സർക്കാർ ഉത്തരവ് നം. (P) 723/64/PD തീയതി 19.10.1964-ലെ മാർഗ്ഗ നിർദ്ദേശ പ്രകാരവുമാണ് ധനകാര്യ പരിശോധനാ വിഭാഗം പ്രവർത്തിക്കുന്നത്. |
| (ഡി) അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിരിക്കുന്ന തുടർ നടപടികൾ എന്തെല്ലാം; | ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം പൂർത്തിയാക്കിയ ശേഷം അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പിന് അനന്തര നടപടികൾക്കായി അയച്ചു കൊടുക്കുന്നു. |

| | |
|---|---|
| (ഇ) ഇൻസ്പെക്ഷൻ വിങ്ങിന്റെ അന്വേഷണ പരിധിയിൽ എത്ര സ്ഥാപനങ്ങൾ വരുന്നുണ്ട്; അതിൽ എത്ര സ്ഥാപനങ്ങളിൽ ഓരോ വർഷവും ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി; വിശദമാക്കുമോ; | സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജുഡീഷ്യൽ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെല്ലാം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ പരിധിയിൽ വരുന്നു. പിരിവ് 'എ' യിൽ പരാമർശിച്ചിട്ടുള്ള അന്വേഷണങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ അന്വേഷണങ്ങളിൽ പെടുന്നു. |

സെക്ഷൻ ഓഫീസർ